നം.ബി 2/4800/ 2008 /ഡി.എം.ഇ

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 30-05-2008

## വിജ്ഞാപനം

2008 ലെ മെഡിക്കൽ പി.ജി. കോഴ്സിൽ സർവ്വീസ് ക്വാട്ടയിൽ ഒഴിവുള്ള/ഒഴിവുവരാൻ സാധ്യതയുള്ള സീററുകളിലേയ്ക്കുള്ള, സംസ്ഥാന സർക്കാർ തീരുമാനത്തിനും കോടതിവിധിക്കും അനുസൃതമായ, റീ - കൗൺസലിംഗ് ***2008 ജൂൺ മാസം 7-ാം തീയതി രാവിലെ 10 മണിക്കും***, ജനറൽ മെറിററ് / എസ് സി / എസ് ററി വിഭാഗങ്ങളിൽ ഒഴിവുള്ള/ ഒഴിവുവരാൻ സാധ്യതയുള്ള സീററുകളിലേയ്ക്ക് നിലവിലുള്ള ഓപ്ഷനും ട്രാൻസ്ഫറും പരിഗണിക്കുന്നതിലേയ്ക്കായിട്ടുള്ള അവസാന ഘട്ട കൗൺസലിംഗ് ***2008 ജൂൺ മാസം 9-ാം തീയതി രാവിലെ 10 മണിക്കും***, തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഒഴിവുള്ള സീററുകളുടെ വിവരം ***ജൂൺ മാസം 6-ാം തീയതിക്ക്*** ശേഷം **"cee-kerala.org"** എന്ന വെബ് സൈററിൽ ലഭ്യമായിരിക്കും. ഓരോ കോഴ്സിന്റേയും സാധ്യത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരും കൗൺസലിംഗിൽ പങ്കെടുക്കേണ്ടതാണ്. എന്നാൽ ആദ്യം അനുവദിച്ച കോഴ്സിൽ പ്രവേശനം എടുക്കാത്തവരെയും കോഴ്സിൽ ചേർന്ന ശേഷം വിട്ടിട്ട് പോയവരെയും പരിഗണിക്കുന്നതായിരിക്കില്ല. ഹയർ ഓപ്ഷനിൽ സെലക്ഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലുള്ള അഡ്മിഷനും നഷ്ടമാകുന്നതായിരിക്കും.

റാങ്ക് 751 മുതൽ 1091 വരെയുള്ളവർക്കും *9-ാം* തീയതിയുള്ള കൗൺസലിംഗിൽ പങ്കെടുക്കാവുന്നതാണ്. ഏതെങ്കിലും കോഴ്സിന്റെ സാധ്യത ലിസ്റ്റ് തീരുന്ന പക്ഷം, ഒഴിവുകളുണ്ടെങ്കിൽ ഈ റാങ്കുകാരെയും അലോട്ട്മെന്റിനായി പരിഗണിക്കുന്നതയിരിക്കും. പ്രസ്തുത റാങ്കുള്ളവർ **"cee-kerala.org"** എന്ന വെബ് സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്..

ഹയർ ഓപ്ഷനിൽ സെലക്ഷൻ ലഭിക്കുന്നതനുസരിച്ച് ഉണ്ടാകുന്ന ഒഴിവുകളിലേക്കും ടി ദിവസങ്ങളിൽ അഡ്മിഷൻ നൽകുന്നതായിരിക്കും. സാധ്യത ലിസ്റ്റിന്റെ / റാങ്കിന്റെ അടിസ്ഥാനത്തിലും, സീറ്റുകളുടെ ലഭ്യത അനുസരിച്ചും അഡ്മിഷൻ ലഭിക്കുന്നതാണ്. അപേക്ഷകർ നേരിട്ടോ, അധികാരപ്പെടുത്തിയ വ്യക്തി മുഖേനയോ കൗൺസലിംഗിന് ഹാജരാകാം. അപേക്ഷകർ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള എല്ലാ സർട്ടിഫിക്കററുകളും ഹാജരാക്കേണ്ടതാണ്. *9-ാം* തീയതി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത ദിവസം അലോട്ട്മെന്റ് കേന്ദ്രത്തിൽ വെച്ചു തന്നെ അഡ്മിഷൻ നൽകുന്നതാണ്. അന്നേ ദിവസം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള എല്ലാ ഫീസും അലോട്ട്മെന്റ് കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്

ഇപ്പോൾ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾക്ക് നഷ്ടപരിഹാരം (Liquidated damages) നൽകാതെ കോഴ്സ് വിട്ടു പോകുവാനുള്ള അവസാന ദിവസം ***ജൂൺ മാസം 5-ാം തീയതിയാണ്.*** ഈ ദിവസത്തിന് ശേഷം കോഴ്സ് വിട്ടിട്ട് പോകുന്നവർ പ്രോസ്പെക്ടസ്സ് പ്രകാരമുള്ള നഷ്ടപരിഹാര തുക അടക്കേണ്ടതാണ്. ക്ലാസ്സുകൾ 2008 *ജൂൺ മാസം* പത്താം തീയതി ആരംഭിക്കുന്നതാണ്.

Sd /-
മെഡിക്കൽ വിദ്യാഭ്യാസ *ഡയറക്ടർ* i/c

പകർപ്പ് :-

1) ഡയറക്ടർ, പബ്ളിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
2) ന്യൂസ് എഡിറ്റർ, ആകാശവാണി, തിരുവനന്തപുരം, കോഴിക്കോട്
3) പ്രിൻസിപ്പൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം,/ ആലപ്പുഴ/തൃശൂർ/കോട്ടയം/കോഴിക്കോട്